# നമ്മുടെ സുരക്ഷിതത്വം

വരാനുള്ളത് വഴിയിൽ തങ്ങില്ല. വിധിക്കപ്പെട്ടത് അനുഭവിച്ചേ പറ്റൂ. ഇത് പുതിയ അറിവൊന്നുമല്ല. ജീവിതയാഥാർഥ്യമാണ്. നിഷേധിച്ചിട്ട് കാര്യമില്ല.

കള്ളന്റെ നല്ല കാലവും നമ്മുടെ കഷ്ടകാലവും ഒത്തുവന്നാൽ എന്ത് സംഭവിക്കുമെന്നറിയാമല്ലോ. കഷ്ടമെന്നോ വിധിയെന്നോ ഒക്കെ പലരും പരിതപിച്ചെന്നിരിക്കും. രണ്ടായാലും അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്തത്തിൽ നമുക്കുമുണ്ട് അൽപം പങ്ക്. സൂക്ഷ്മതയുടെയും മുൻകരുതലിന്റെയും പ്ലാനിംഗിന്റേതുമാണ് പ്രശ്നം.

വഴിയാത്രക്കാരനെ തട്ടിക്കൊണ്ടുപോകുന്നതും എല്ലാം അപഹരിച്ചു അവനെ വധിക്കുന്നതും സ്ത്രീകളെ ബലാൽക്കാരം ചെയ്യുന്നതുമൊക്കെ പതിവായിട്ടുണ്ടിപ്പോൾ. വ്യവസ്ഥയും അതുണ്ടാക്കുന്ന സാഹചര്യവും മാറാത്ത കാലത്തോളം അത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ അവസാനിക്കുകയില്ല. ആ പ്രതീക്ഷ അസ്ഥാനത്താണ്. ക്രിമിനലുകളാൽ സ്വാധീനിക്കപ്പെട്ട ഭരണകൂടവും അവിശുദ്ധ രാഷ്ട്രീയക്കാരാൽ നിയന്ത്രിക്കപ്പെടുന്ന നിയമവാഴ്ചയും ഉള്ള ഒരു രാജ്യത്ത് ഇതൊക്കെ തന്നെയാണ് ഇനിയും നടക്കുക. രാജ്യം ഈ രീതിയിൽ തന്നെ നീങ്ങട്ടെ എന്ന് നാം കരുതുന്ന കാലത്തോളം അത്തരം പ്രയാസങ്ങളിൽ പരിതപ്പിച്ചതുകൊണ്ട് കാര്യമില്ല.

ഒരു കാര്യം ഓർത്തിരിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ സുരക്ഷിതത്വത്തിന് ശ്രമിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നതുപോലെ ശ്രമിക്കുന്നവരും കൊതിക്കുന്നവരുമായി ഈ ലോകത്ത് ആരുമില്ലെന്ന് ഓർത്തുകൊണ്ടു വേണം ജീവിക്കുവാൻ. ഭാര്യയും മക്കളും മാതാപിതാക്കളും അങ്ങനെ ആഗ്രഹിക്കുന്നില്ലേ എന്ന് ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടുകയൊന്നുമില്ല. അവർക്ക് നമ്മിൽനിന്ന് കിട്ടേണ്ടത് കിട്ടുവോളം, അവരെ വെറുപ്പിക്കാതിരിക്കുവോളം നമ്മുടെ സുരക്ഷിതത്വം അവർ ആഗ്രഹിക്കും. അത് അവരുടെ കൂടി സുരക്ഷിതത്വത്തിന്റെ ഭാഗമാണല്ലോ. അതിനപ്പുറം അവരും നമ്മെ കൈവിടും, ദൈവത്തിൽ അടിയുറച്ച വിശ്വാസവും അവനിൽ ഭയവുമില്ലെങ്കിൽ.

നമ്മുടെ ജീവനോളം വിലയുള്ള സംഗതികളാണ് സൂക്ഷ്മതയും മുൻകരുതലും. വീട്ടിൽ മോഷ്ടവ് കയറുന്നതായാലും വഴിയിൽ വെച്ച് നമ്മെ പിടികൂടുന്നതായാലും അവിടെയൊക്കെ മുൻകരുതൽ സ്വീകരിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. സ്വന്തം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് വേണം ഇന്ന് പുറത്തിറങ്ങുവാൻ. പ്രത്യേകിച്ച് അപരിചിത സ്ഥലങ്ങളിൽ.

ഈയടുത്ത് ഒരു മലയാളി ബിസിനസ്സുകാരനെ ഡൽഹിയിൽ തട്ടിക്കൊണ്ടുപോയി വധിച്ച പശ്ചാത്തലത്തിലാണിത് പറയുന്നത്. പണവും ആരോഗ്യവും ഉള്ളതുകൊണ്ടായില്ല, അതിനെ സംരക്ഷിക്കാനുള്ള പദ്ധതിയും കൂടെ വേണം. കാലവും ലോകവും അതാണ്.

സുരക്ഷിതത്തിനുള്ള മാർഗം ഏതൊക്കെയെന്ന് മുൻകൂട്ടി പറയാനാകില്ല. ഓരോ മേഖലയിലും അത് വ്യത്യസ്തമായിരിക്കും. കാഴ്ചപ്പാടാണ് പ്രധാനം. ബിസിനസ്സാവശ്യാർഥമുള്ള ദീർഘ യാത്രകളാണെങ്കിൽ വിശ്വാസയോഗ്യരായ വല്ലവരെയും കൂടെ കൂട്ടൽ, സംശയകരമായ സാഹചര്യങ്ങൾ ഒഴിവാക്കൽ, സുരക്ഷിതമല്ലെന്ന് തോന്നുന്ന ടാക്സികളിലുള്ള യാത്ര ഒഴിവാക്കൽ, അപരിചിതർക്കിടയിൽ വെച്ച് തന്റെ പ്ലാനുകളെ സംബന്ധിച്ച് ടെലഫോണിലൂടെ സംസാരിക്കാതിരിക്കൽ, അമിതമായ അപരിചിതത്വവും ഭയവും പ്രകടിപ്പിക്കാതിരിക്കൽ, തനിച്ചുള്ള യാത്രകളിൽ വിലപ്പിടിപ്പുള്ള വസ്തുക്കളും കൂടുതൽ പണവും കൈവശം വെക്കാതിരിക്കൽ, മറ്റുള്ളവരോട് കൂടെക്കൂടെ വഴി ചോദിക്കാതിരിക്കൽ തുടങ്ങിയ കാര്യങ്ങളൊക്കെ സുരക്ഷിതത്വത്തിന്റെ ഭാഗമാണ്.

സൂക്ഷ്മത തന്നെയാണ് സുരക്ഷക്കാവശ്യം. അതിന് ബോധപൂർവമുള്ള ശ്രമം ആവശ്യമാണ്. വ്യക്തിയുടെ ജീവനും ധനവും അഭിമാനവും ഇന്ന് സുരക്ഷിതമല്ല. ഏത് നിമിഷവും അത് ആക്രമണത്തിന് വിധേയമാകാം. അതിനായി ഇറങ്ങിത്തിരിച്ചവരുള്ളപ്പോൾ പ്രത്യേകിച്ചും. ജീവനും സമ്പത്തും സമൂഹത്തിൽ സുരക്ഷിതമായിരിക്കണമെങ്കിൽ മനുഷ്യർ പരസ്പരം ആദരിക്കുകയും അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്യുന്ന സാഹചര്യം നിലവിൽവരിക തന്നെ വേണം. അത്തരം സാഹചര്യം നിലവരുന്നതിനാവണം നാം ശ്രമിക്കേണ്ടത്. വ്യവസ്ഥിതി ഏതായാലും മനുഷ്യന് ജീവിച്ചാൽ മതി എന്നതല്ല, അവകാശങ്ങൾ പരസ്പരം പങ്ക് വെക്കുകയും നീതി പാലിക്കപ്പെടുകയും ചെയ്യുന്ന വ്യവസ്ഥിതിയിൽ സുരക്ഷിതമായ ജീവിതമാണ് അവനാവശ്യം.